# 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് (2003-ലെ 27) ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പ് 2013 ജനുവരി 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 3-ാം വകുപ്പ് 2004 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 4-ാം വകുപ്പ് 2010 നവംബർ 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 5-ാം വകുപ്പ് 2011 നവംബർ 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 6-ാം വകുപ്പ് 2012 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ 2012 ആഗസ്റ്റ് 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ആണ്.

2. 14-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "ആറു രൂപയുടെ മൂല്യമുള്ള" എന്ന വാക്കുകൾക്ക് പകരം, "പന്ത്രണ്ട് രൂപയുടെ മൂല്യമുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (5)-ാം ഉപവകുപ്പിന് പകരം ഇനി പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) ഓരോ അംഗവും ഫണ്ടിലേക്ക് വാർഷിക വരിസംഖ്യയായി ആയിരത്തി ഇരുന്നൂറ് രൂപ നൽകേണ്ടതും ആയത് മൊത്തമായി നൽകുന്നപക്ഷം എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിനുമുൻപോ നൽകേണ്ടതും അല്ലാത്തപക്ഷം മൂന്ന് തുല്യഗഡുക്കളായി ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31 എന്നീ തീയതികളിലോ അതിനുമുൻപോ നൽകേണ്ടതുമാണ് :

എന്നാൽ മേൽപ്പറഞ്ഞപ്രകാരം മൊത്തമായോ ഗഡുക്കളായോ നിശ്ചിത സമയത്തിനകം വരിസംഖ്യ അടയ്ക്കുന്നതിന് വീഴ്ചവരുത്തുന്ന അംഗങ്ങൾ അപ്രകാരം വീഴ്ച വരുത്തിയ കുടിശ്ശിക തുക പന്ത്രണ്ട് ശതമാനം പലിശസഹിതം ഡിസംബർ 31-ാം തീയതിയിലോ അതിനുമുൻപായോ അടയ്ക്കേണ്ടതാണ്.

(5എ) നിലവിലുള്ള ഓരോ അംഗവും 2004 ഏപ്രിൽ 1-ാം തീയതി മുതൽ 2010-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 57) ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതിയായ 2010 നവംബർ 26-ാം തീയതിവരെയുള്ള കാലയളവിൽ അടയ്ക്കേണ്ടിയിരുന്ന വാർഷികവരിസംഖ്യയുടെ കുടിശ്ശിക 2010 ഡിസംബർ 31, 2011 ജൂൺ 30, 2011 ഡിസംബർ 31 എന്നീ തീയതികൾക്കുമുൻപായി മൂന്ന് തുല്യഗഡുക്കളായി അടയ്ക്കേണ്ടതാണ് :

എന്നാൽ 2011 ഡിസംബർ 31-ാം തീയതിയിൽ ഏതെങ്കിലും ഗഡു കുടിശ്ശിക വരുത്തിയവർ അങ്ങനെയുള്ള കുടിശ്ശിക തുക, കുടിശ്ശിക വരുത്തിയ തീയതി മുതൽ പന്ത്രണ്ടു ശതമാനം പലിശസഹിതം ആറ് എണ്ണം വരെ ആകാവുന്ന തുല്യ ഗഡുക്കളായി 2012 സെപ്റ്റംബർ 30-ാം തീയതിക്കുമുൻപായി അടയ്ക്കേണ്ടതാണ്. ";

(ii) (6)-ാം ഉപവകുപ്പിൽ "ജൂൺ 30-ാം തീയതിക്കുമുൻപ്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ഡിസംബർ 31-ാം തീയതിക്കുമുൻപ് " എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

4. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിനുശേഷം ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) അംഗത്വം അവസാനിപ്പിച്ച് പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റിയ ഒരംഗത്തിന് ഫണ്ടിലേക്ക് പുനഃപ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.".

5. 26-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പിൽ നിലവിലുള്ള വകുപ്പ് ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) 1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത പദ്ധതിയുടെ എല്ലാവിധ ആസ്തികളും ബാദ്ധ്യതകളും ഈ ആക്റ്റിലെ 4-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് കൈമാറേണ്ടതാണ്.".

6. 27-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 27-ാം വകുപ്പിൽ "ഇരുപത് ശതമാനം'' എന്ന വാക്കുകൾക്കുപകരം ''മുപ്പതുശതമാനം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2013-ലെ 15) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് മുഖേന ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് മുഖേന ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.